# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

(10-01-2009 മുതൽ 16-01-2009 വരെ)

## എസ്. ഐ. ചമഞ്ഞ് തട്ടിപ്പ്; രണ്ടുപേർ അറസ്റ്റിൽ

സ്പെഷ്യൽ ബ്രാഞ്ച് എസ്. ഐ. ചമഞ്ഞ് ആൾമാറാട്ടം നടത്തി പലതവണ തട്ടിപ്പ് നടത്തിയ കേസ്സിലെ പ്രതികളായ വട്ടിയൂർക്കാവ് സ്വദേശി വിക്രമൻ നായരെയും കൂട്ടാളിയായ സതീഷ്കുമാറിനെയും 14-1-2009-ന് രാവിലെ 7.45 മണിയോടുകൂടി ശംഖുമുഖം ഭാഗത്തുനിന്നും വലിയതുറ പോലീസ് പിടികൂടി. (Cr. No.26/09 TVM City, Valiyathura PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.D. K. Prethiraj SI, Sri .Muhamed Khan SI, Sri. Vijayakumar ASI

## ബൈക്കിൽ കറങ്ങിനടന്ന് മാലപൊട്ടിക്കുന്ന സംഘം പിടിയിൽ

ബൈക്കിൽ സഞ്ചരിച്ച് മാല പൊട്ടിക്കുന്ന സംഘത്തിലെ മൂന്നുപേരായ അജി, ബിനു, അജേഷ് എന്നിവരെ 13-1-2009 തീയതി രാത്രി 7.35 മണിയോടുകൂടി കുമാരപുരം ഭാഗത്തുനിന്നും മെഡിക്കൽ കോളേജ് പോലീസ് പിടികൂടി. ഇവരിൽനിന്നും മോഷണ മുതലായ 60 പവനോളം വരുന്ന സ്വർണ്ണാഭരണങ്ങൾ കണ്ടെടുത്തു.

(Cr. No. 34/09 TVM City, Medical College PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.V. Suresh Kumar CI, Sri. K. S. Prakash SI, Sri. Gireesh Kumar SI

## വൻ കവർച്ചാ സംഘം അറസ്റ്റിൽ

11-1-2009 രാവിലെ 4 മണിയോടെ സംശയാസ്പദമായ സാഹചര്യത്തിൽ കാറിൽ കറങ്ങിനടന്ന ആറ്റിങ്ങൽ അനി, ഹരിലാൽ, ഗണേശൻ, ആമച്ചൽ ഉണ്ണി, ഉദിയൻകുളങ്ങര ആനന്ദൻ, പത്മജൻ എന്നിവരെ വലിയശാലയിൽനിന്നും തമ്പാനൂർ പോലീസ് പിടികൂടി. ഇവരുടെ കാറിൽനിന്നും താക്കോൽകൂട്ടം, കമ്പിപ്പാര, ഗ്ലൗസ് തുടങ്ങി വിവിധ ഉപകരണങ്ങൾ കണ്ടെടുത്തു. അന്വേഷണത്തിൽ ഇവർ നിരവധി കേസിലെ പ്രതികളാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(Cr. No. 31/09 TVM City, Thampanoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. E. N. Suresh CI, Sri. Suresh V. Nair SI, HC 7755, PC 1595

## വീട്ടമ്മയെ ആക്രമിച്ച് പണം കവർന്ന ഗുണ്ട അറസ്റ്റിൽ

07-1-2009 ന് പകൽ വെൺകുളത്ത് താമസിക്കുന്ന വീട്ടമ്മയായ സുഫൈജയുടെ വീട്ടിൽ അതിക്രമിച്ചുകയറി വാള് കഴുത്തിൽവച്ച് ഭീഷണിപ്പെടുത്തിയശേഷം പതിനായിരം രൂപ, സ്വർണ്ണമാല, മൊബൈൽ ഫോൺ എന്നിവ കവർന്ന ക്ലച്ച് സന്തോഷ് എന്ന ഗുണ്ടയെ 10-1-2009 ന് രാത്രി 12 മണിയോടുകൂടി വർക്കല റെയിൽവേ സ്റ്റേഷന്റെ പരിസരത്തുനിന്നും വർക്കല പോലീസ് അറസ്റ്റുചെയ്തു.

(Cr. No. 29/09 TVM RL, Varkala PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.M. K. Sulfiker CI, Sri. Shaji SI, Sri. V. S. Prasanth Jr SI, HC 8559, pc 9566

## കാരാകുറുശ്ശി ഇരട്ടക്കൊലപാതകം: രണ്ടുപേർ അറസ്റ്റിൽ

5-1-2009-ന് കരാകുറുശ്ശിയിൽ അമ്മയേയും മകളെയും കൊലപ്പെടുത്തിയശേഷം മകളെ ലൈംഗികവേഴ്ച നടത്തുകയും ഇവരുടെ സ്വർണ്ണാഭരണങ്ങൾ കവർന്നെടുക്കുകയും ചെയ്ത കേസ്സിലെ പ്രതികളായ കാരാകുറുശ്ശി സ്വദേശികളായ അയ്യപ്പൻ കുട്ടി, സുരേഷ് എന്നിവരെ ഷൊർണ്ണൂർ ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം 8.1.09 വൈകിട്ട് കാരാകുറുശ്ശിയിൽനിന്നും അറസ്റ്റുചെയ്തു.

(Cr. No. 09/09 PKD, Mannarkadu PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Pushkaran DySP, Sri. K. A. Suresh Babu SI, Sri. Manoj SI, Sri. Sivadas ASI, Sri. Radhakrishnan ASI, Sri. Rajakumaran ASI

## പിടിച്ചുപറികേസിലെ പ്രതികൾ പിടിയിൽ

12-1-2009 രാത്രി 11 മണിയ്ക്ക് പരുത്തിപ്പാറ ഭാഗത്ത് ലോറി തടഞ്ഞുനിർത്തി പണം പിടിച്ചുപറിച്ച കേസ്സിലെ പ്രതികളായ സേതു, രാജേഷ്, സുനിൽ രാജ് എന്നീ മൂവർ സംഘത്തെ പേരൂർക്കട പോലീസ് അന്നേദിവസംതന്നെ സിറ്റിയുടെ വിവിധ സ്ഥലങ്ങളിൽനിന്നും അറസ്റ്റ് ചെയ്തു.

(Cr. No. 27/09 TVM City, Peroorkada PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.Biju Jr. SI

## നൂറിലേറെ പവൻ കവർന്ന സംഘത്തിലെ പ്രധാനകണ്ണി അറസ്റ്റിൽ

ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നായി വീടുകൾ കുത്തിപ്പൊളിച്ച് നൂറിലേറെ പവൻ സ്വർണ്ണാഭരണങ്ങളും, ഇലക്ട്രോണിക് ഉപകരണങ്ങളും കവർന്ന മൂന്നംഗ സംഘത്തിലെ പ്രധാനകണ്ണിയായ പി.കെ സജേഷ് എന്ന സതീശനെ 9.1.09 പുലർച്ചെ 2.45 മണിയ്ക്ക് പട്രോൾ ഡ്യൂട്ടിയിലായിരുന്ന തലശ്ശേരി പോലീസിന്റെ വലയിൽപ്പെട്ടു.

(Cr. No. 12/09 KNR, Thalassery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri.U Preman, Sri. Hemarajan ASI, PCs 5533, 4444

## പിടികിട്ടാപ്പുള്ളി പിടിയിൽ

കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിലെ LP 42/05 കേസിലെ പ്രതിയായ രഘുവിനെ പോലീസ് പാർട്ടി ടിയാന്റെ വീട്ടിൽനിന്നും 15-1-2009 രാവിലെ 8 മണിക്ക് അറസ്റ്റുചെയ്തു.

(ALPY Kareelakulangara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. E. T. Biju SI, G. HC 4188, 4203, PC 4847, WPC 5625

കുറിപ്പ് :- ഓരോ ജില്ലകളിൽ നിന്നും കൈമാറിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. താഴെപ്പറയുന്ന ജില്ലകളിൽ നിന്നും ഒരു പ്രശംസനീയ കർത്തവ്യ നിർവ്വഹണ വിവരവും ലഭ്യമായിട്ടില്ല കൊല്ലം, പത്തനംതിട്ട, ഇടുക്കി, കോട്ടയം, എറണാകുളം സിറ്റി, എറണാകുളം റൂറൽ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, വയനാട്, കാസർഗോഡ്.